LIBRARY ARCHIVES Kerala Legislative Assembly

ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി രൂപീകരിക്കപ്പെട്ട പദ്ധതി

183 (3468) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ൽ കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി രൂപീകരിക്കപ്പെട്ട പദ്ധതിക്ക് തന്നാണ്ടിലെ ബജറ്റിൽ ഏത് ഹെഡ്ഡിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; അതിൽ ഇതിനകം ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ മൊത്തം പച്ചക്കറികൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇതിൽ സംസ്ഥാനത്തു നിന്ന് തന്നെ ഉദ്പാദിപ്പിക്കുന്നവ എത്രയാണ് ; സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ജൈവകൃഷിയിലൂടെയുള്ളവ എത്ര ശതമാനമായി കുറഞ്ഞു എന്ന് വ്യക്തമാക്കുമോ ;

(ഡി) 2016-സമ്പൂർണ്ണ ജൈവകൃഷി പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പച്ചക്കറികൾ എത്ര ടൺ വീതം ഉല്പാദിപ്പിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) 2401-00-105-85 എന്ന ഹെഡ്ഡിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 80.5 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു.

(സി) ഉണ്ട്. 2013-14 വർഷത്തിൽ സംസ്ഥാനത്ത് ആവശ്യമായിരുന്ന പച്ചക്കറിയുടെ അളവ് 25.74 ലക്ഷം ടൺ ആയിരുന്നു. 2013-14-ൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പച്ചക്കറിയുടെ അളവ് 11.91 ലക്ഷം ടൺ ആണ്. അതായത് നമുക്ക്

ആവശ്യമായ പച്ചക്കറിയുടെ 46% മാത്രമാണ് 2013-14-ൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചത്. സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെയുള്ള പച്ചക്കറി ഉല്പാദനം കൂടുകയാണ് ഉണ്ടായിട്ടുള്ളത്. ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് 2012-13 മുതൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകൾ, കൈപുസ്തകങ്ങൾ എന്നിവ നൽകുന്നതിലൂടെയും ജൈവകൃഷിയുടെ പ്രാധാന്യം വ്യക്തമാക്കികൊണ്ടുള്ള പരിശീലനങ്ങൾ നൽകുന്നതിലൂടെയും സുരക്ഷിതമായ പച്ചക്കറികൾ ഉല്പാദിപ്പിക്കേണ്ടത് സംബന്ധിച്ച അവബോധം കർഷകരിൽ വളർത്താൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ജൈവരീതിയിലുള്ള കൃഷി വളരെയധികം വ്യാപകമായി കഴിഞ്ഞിട്ടുണ്ട്.

(ഡി) സമ്പൂർണ്ണ ജൈവ കൃഷി പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നതേയുള്ളൂ. എത്ര ടൺ വീതം പച്ചക്കറികൾ ഉല്പാദിപ്പിക്കുമെന്ന് ആക്ഷൻ പ്ലാനിൽ തീരുമാനിക്കപ്പെടും.

ജൈവകൃഷി വ്യാപകമാക്കാൻ നടപടി

184 (3469) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മനുഷ്യർക്ക് ഹാനികരമല്ലാത്ത വിധം കീടങ്ങളെ നശിപ്പിക്കുന്ന സാങ്കേതിക വിദ്യകളും ജൈവകീടനാശിനികളുടെ പ്രചരണവും കർഷകരിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

കീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതിനും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, ബോധവത്ക്കരണ ക്യാംപെയിനുകൾ എന്നിവ വഴി കീടനാശിനികളുടെ സുരക്ഷിത ഉപയോഗം, സംയോജിത കീടനിയന്ത്രണം, ജൈവകീടനാശിനികൾ, ജൈവിക നിയന്ത്രണോപാധികൾ എന്നിവയെക്കുറിച്ച് കർഷകർക്ക് ബോധവത്ക്കരണം നടത്തിവരുന്നു. ജൈവ കൃഷി ഘട്ടംഘട്ടമായി എല്ലാ ജില്ലയിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന് കീഴിലുള്ള പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, മണ്ണുത്തിയിലെ സ്റ്റേറ്റ് ബയോകൺട്രോൾ ലാബ് എന്നിവ മുഖേന

LIBRARY ARCHIVES Kerala Legislative Assembly